# കാലാതിവർത്തിയായ മതത്തിന് കാലഹരണപ്പെട്ട കലണ്ടറോ?

*ബഹുമാന്യരേ,*

*പ്രപഞ്ചസൃഷ്ടാവിൽ നിന്നുള്ള ശാന്തിയും സമാധാനവും നിങ്ങളിൽ വർഷിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.*

*പ്രശസ്ത ഗവേഷകനും ബഹുഭാഷാപണ്ഡിതനും പരിസ്ഥിതി സംരക്ഷണ പ്രവർത്തകനുമായ ബഹുമാനപ്പെട്ട അലിമണിക്ഫാൻ "മനുഷ്യരാശിക്കൊരു കലണ്ടർ" എന്ന ആഹ്വാനവുമായി കേരളപര്യടനം നടത്തുകയാണ്. ഈ പര്യടനം ലക്ഷ്യപ്രാപ്തിയിലേക്കെത്തുവാൻ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്ന് സർവ്വരോടും സ്നേഹബുദ്ധ്യാ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.*

*എന്താണ് കലണ്ടർ? കലണ്ടറിന്റെ ആവശ്യകതയെന്ത്? കലണ്ടർ ആർക്കുവേണ്ടി? കലണ്ടർ ആരുണ്ടാക്കി? എന്നിത്യാദികാര്യങ്ങൾ മനസ്സിലാക്കുമ്പോഴാണ്, മണിക്ഫാന്റെ ആശയങ്ങളെക്കുറിച്ച് നമുക്ക് മനസ്സിലാവുകയുള്ളു. കലണ്ടർ എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ വരിക ഗ്രിഗോറിയൻ കലണ്ടറാണ്. എന്നാൽ ഇത് കൃത്രിമ കലണ്ടർ ആണ്. ഇത് പ്രകൃതിക്ക് യോജിച്ച കലണ്ടറുമല്ല. അത് പ്രകൃതിപ്രതിഭാസങ്ങളോട് ഒത്തുപോകുന്നതിനായി കൃത്യമായ ഇടവേളകളിൽ ദിവസങ്ങൾ ചേർക്കുകയോ മറ്റോ ചെയ്യുന്നു* (Intercalation). *ലൂണാർ കലണ്ടറുകൾ മാത്രമാണ് കൃത്യതയാർന്ന കലണ്ടർ. 2011 നവംബർ 5 ശനിയാഴ്ചയായിരുന്നു. അന്ന് ഹിജ്റ 1432 ദുൽഹിജ്ജ 10 (ബലിപെരുന്നാൾ) എന്ന തീയതി ലോകത്തിന്റെ പല ഭാഗങ്ങളിൽ ശനി, ഞായർ, തിങ്കൾ, ചൊവ്വ എന്നീ വ്യത്യസ്ഥ ദിവസങ്ങളിലായി ആചരിച്ചു. ഒരു ദിവസത്തിന് ഒരു തീയതിയും ഒരു തീയതിക്ക് ഒരു ദിവസവും*

മാത്രമെ ഉണ്ടായിരിക്കാവൂ എന്ന ലളിതമായ സത്യം പോലും മുസ്ലിംകൾക്ക് ബാധകമാവുന്നില്ല.

ഈ സങ്കടകരമായ അവസ്ഥ കാലങ്ങളായി മുസ്ലിം സമുദായത്തിൽ നിലനിൽക്കുകയാണ്. ഇതിൽ മനം നൊന്ത് ചിന്തിച്ചതിന്റെ ഫലമായി ശ്രീ മണിക്ഫാൻ ശാസ്ത്രീയമായി ചന്ദ്രക്കലകളെ അടിസ്ഥാനമാക്കി ഹിജ്‌രി കലണ്ടർ ക്രമീകരിക്കുകയുണ്ടായി. അതാണ് നിങ്ങളുടെ കൈയ്യിലുള്ള കലണ്ടർ. ഇത് മണിക്ഫാന്റെ സൃഷ്ടിയല്ല. NASAപോലുള്ള സ്ഥാപനങ്ങൾ ഏതാണ്ട് 2000 വർഷത്തെ മുന്നിലേയും 2000 വർഷത്തെ പിന്നിലേയും ചന്ദ്രക്കലകൾ വളരെ സൂക്ഷ്മമായി നിർണ്ണയിച്ച് വെബ്സൈറ്റിൽ പ്രസിദ്ധകരിച്ചിട്ടുണ്ട്. കണക്കുകൾ വളരെ കൃത്യമായതിനാൽ അതു നാളിതുവരെ ഒരു പിഴവും സംഭവിച്ചിട്ടില്ല. അതുകൊണ്ട് ഹിജ്‌രി കലണ്ടർ ശാസ്ത്രീയമായ കലണ്ടറാണെന്നും, അതുതന്നെയായിരിക്കണം മാലോകരുടേയും കലണ്ടറെന്നും, ആ കലണ്ടർ പ്രകാരമായിരിക്കണം ഇസ്ലാമിലെ ആരാധനകൾ മുസ്ലിംകൾ നിർവ്വഹിക്കേണ്ടതെന്നും മണിക്ഫാൻ വിവക്ഷിക്കുന്നു.

ഈ ചന്ദ്രമാസകലണ്ടർ ഖുർആന്റെയും പ്രവാചകന്റെയും അംഗീകാരമുള്ളതാണ്. വിശുദ്ധഖുർആനിൽ 2:189, 10:5, 36:39, 55:5 എന്നീ സൂക്തങ്ങളൊക്കെ ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയ കാലനിർണ്ണയത്തിനുള്ളതാണ്. വിശദവിവരങ്ങൾ ലഘുലേഖയിൽ.

കലണ്ടർ തീയതി അറിയുന്നതിനും അത് മനുഷ്യർക്ക് പരിപാടികൾ മുൻകൂട്ടി നിശ്ചയിക്കുവാനും വേണ്ടിയുള്ളതാണ്. കലണ്ടർ ആരുണ്ടാക്കി എന്ന ചോദ്യത്തിന് അത് വേദഗ്രന്ഥങ്ങൾ പരിചയപ്പെടുത്തിയ ലോകസൃഷ്ടാവിൽ നിന്നുള്ളതാണ് എന്നാണ് മറുപടി. മനുഷ്യൻ ദൈനന്ദിന കാര്യങ്ങളിൽ വ്യവഹരിക്കുവാൻ ദൈവം

ലോകത്ത് എല്ലാവർക്കും കാണത്തക്കവിധത്തിൽ വിണ്ണിൽ തൂക്കിയിട്ടിരിക്കുന്ന കലണ്ടറാണ് ചന്ദ്രൻ. മാസാംരംഭം മുതൽ മാസാവസാനദിവസംവരെയുള്ള ദൃശ്യമായ ചന്ദ്രക്കലകൾ നോക്കി മാസത്തിലെ ദിവസങ്ങൾ എണ്ണുവാൻ ദൈവം മനുഷ്യരോട് കല്പിക്കുന്നു. ഇത് ദൈവകല്പനയാണ് (36:39).

ആയതിനാൽ ശ്രീ മണിക്ഫാൻ അവതരിപ്പിക്കുന്ന വിശാല ആശയത്തെ അവഗണിക്കാതെ ശാന്തമായി ചിന്തിച്ച് പഠിച്ച് കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

എന്ന്

19-4-1433, (11-3-2012.)
ഹിജ്രി കമ്മറ്റി
കേരളം.

Contact : www.hijracalendar.in
admin@hijracalendar.com Ph: 9605757190, 9847929208, 9746032132, 9961839685, 9895044827